മാതൃഭൂമി തൊഴിൽ വാർത്ത
ആഴ്ചതോറും വരുന്ന
ഇന്ത്യയിലെ No. 1 തൊഴിൽ വാരിക

മാതൃഭൂമി

ചുമയോ?
ചുമ, ജലദോഷം, തുമ്മൽ, കഫക്കെട്ട്
മുതലായ ശ്വാസതടസ്സത്തിനും ആശ്വാസപ്രദം
പൊടി ഏകദേശം ഒന്ന് ടീസ്പൂൺ എന്നുമാകട്ടെ
കൃഷ്ണതുളസി
കഫ് സിറപ്പ് വീട്ടിൽ കരുതുക
Rs. 19.95 MVM
MVM Ayurvedic Research Lab
P.B No 2, Pooyappally P.O., Kollam. Tel. Fax : 0474-2463788

2004 ഡിസംബർ 28 ചൊവ്വ
1180 ധനു 13
Mathrubhumi, The National Daily in Malayalam
Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Mumbai ◆ Chennai ◆ Bangalore
കോഴിക്കോട് ◆ പേജ് 14 ◆ വില രൂപ 3.25
www.mathrubhumi.com

എങ്ങനെ ഞാൻ കൈവിടും...

കടലിൻെറ തിരതള്ളലിൽ സർവ്വതും നഷ്ടപ്പെട്ട ആയിരങ്ങളുടെ ഒരിക്കലും അവസാനിക്കാത്ത വിലാപം തുടരുകയാണ്. തമിഴ്നാട്ടിലെ കടലൂരിൽ സുനാമി ദുരന്തത്തിൽ മരിച്ച തൻെറ കുഞ്ഞിൻെറ കൈകളിൽ അന്ത്യചുംബനമർപ്പിക്കുകയാണ് ഈ അച്ഛൻ – *എ.എഫ്.പി.*

178 പേർക്ക് ഒരു കുഴിയിൽ അന്ത്യവിശ്രമം

ടി.രാമാനന്ദകുമാർ

കുളച്ചൽ: കുളച്ചലിൽ ഞായറാഴ്ചയുണ്ടായ കടൽക്ഷോഭത്തിൽ മരണമടഞ്ഞ 178 പേരുടെ മൃതദേഹങ്ങൾക്ക് ഒരു കുഴിയിൽ അന്ത്യവിശ്രമം. കുളച്ചൽ കാണിക്കമാതാ ദേവാലയത്തിലെ സെമിത്തേരിയിൽ തിങ്കളാഴ്ച രാവിലെയാണ് കൂട്ട സംസ്കാരം നടന്നത്.

കുളച്ചൽ ഇടവകയിലെ കൊട്ടിൽപാട്, സൈമൺകോളനി, മണ്ടയ്ക്കാട് പുതൂർ, വാണിയക്കുടി, കുറുമ്പന എന്നീ ഗ്രാമങ്ങളിൽ മരിച്ചവരെയാണ് ഒരുസ്ഥലത്ത് അടക്കംചെയ്തത്. കുളച്ചലിൽ തിരിച്ചറിഞ്ഞ 257 മൃതദേഹങ്ങൾ സെൻറ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ സൂക്ഷിച്ചിരുന്നു. വെള്ള തുണിപുതപ്പിച്ച് കിടത്തിയിരുന്ന മൃതദേഹങ്ങൾക്ക് ഞായറാഴ്ച വൈകീട്ട് മുതൽ ബന്ധുക്കൾ കാവലിരുന്നു.

മരിച്ച 257 പേരിൽ 117 കുട്ടികളും 54 പുരുഷന്മാരും 86 സ്ത്രീകളുമാണ്. തിങ്കളാഴ്ച രാവിലെ 6 മണിക്ക് അന്ത്യകർമ്മങ്ങൾ ആരംഭിച്ചു. 28 വാഹനങ്ങളിലാണ് മൃതദേഹങ്ങൾ പള്ളി സെമിത്തേരിയിലെത്തിച്ചത്. 178 മൃതദേഹങ്ങൾ അടക്കംചെയ്യാൻ 25 അടിയോളം നീളവും 10 അടി താഴ്ചയുമുള്ള ഒരു കുഴി തയാറാക്കിയിരുന്നു. മൃതദേഹങ്ങൾ ഒന്നിനുമുകളിൽ ഒന്നായി മൂന്ന് അടുക്കുകളായി വച്ചശേഷം വെള്ള തുണി പുതച്ചു. ചുറ്റും കൂടിനിന്ന ആയിരക്കണക്കിന് ജനങ്ങൾ വാവിട്ട് നിലവിളിക്കുന്നതിനിടയിൽ കോട്ടാർ ബിഷപ്പ് ലിയോൺ ധർമരാജ് അന്ത്യശുശ്രൂഷാ കർമ്മങ്ങൾ നടത്തി.

പൂവും പനിനീരും തളിച്ച് കുഴിയിലേക്ക് മണ്ണിടുന്ന വേളയിൽ ബിഷപ്പും വാവിട്ടുകരഞ്ഞു. ഇതോടെ ഒപ്പമുണ്ടായിരുന്ന വികാരി ജനറൽ ജോൺ കുഴന്തൈ, മന്ത്രി ദളവാ സുന്ദരം, പച്ചൈമാൽ എം.എൽ.എ. എന്നിവർക്കും കരച്ചിലടക്കാൻ കഴിഞ്ഞില്ല. കുളച്ചലിൽ തിരിച്ചറിഞ്ഞ 257 മൃതദേഹങ്ങളിൽ ശേഷിച്ച 79 പേരുടെ മൃതശരീരങ്ങൾ ബന്ധുക്കൾ ഏറ്റുവാങ്ങി മറ്റ് സെമിത്തേരികളിൽ അടക്കംചെയ്തു.



കന്യാകുമാരി ജില്ലയിലെ കുളച്ചലിൽ കടൽ ദുരന്തത്തിനിരയായ 178 പേരുടെ മൃതദേഹങ്ങൾ ഒരു കുഴിയിൽ അടക്കംചെയ്യാൻ അടുക്കിവെക്കുന്നു

മരണസംഖ്യ 27000 ഇന്ത്യയിൽ 9000

- ശ്രീലങ്ക 12000, ഇൻഡൊനീഷ്യ 5000
- അന്തമാൻ 5000, തമിഴ്നാട് 3300
- വേളാങ്കണ്ണിയിൽ 2000, മലയാളികൾ 50

ചെന്നൈ: തെക്കുകിഴക്കേഷ്യൻ രാജ്യങ്ങളുടെ തീരപ്രദേശങ്ങളിൽ ഭൂകമ്പത്തിരമാലകൾ വിതച്ച കൊടും ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 27,000 കവിഞ്ഞു. ഇന്ത്യയിൽ 9000 പേർ മരിച്ചതായി സ്ഥിരീകരിച്ചിട്ടുണ്ട്. ദുരിതബാധിത പ്രദേശങ്ങളിൽ പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടാൻ സാധ്യതയുണ്ടെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പു നൽകി.

ഇൻഡൊനീഷ്യൻ ദ്വീപസമൂഹങ്ങളിൽപ്പെട്ട സുമാത്രയിലുണ്ടായ ഭൂകമ്പത്തിൽ നിന്നുടലെടുത്ത സുനാമിത്തിരമാലകൾ ഏറ്റവുമേറെ നാശം വിതച്ചത് ശ്രീലങ്കയിലാണ്. ഇവിടെ 12,000 പേർ മരിച്ചു. പത്തു ലക്ഷം പേർ ഭവനരഹിതരായി. അഭൂതപൂർവമായ പ്രകൃതിക്ഷോഭത്തിൽപ്പെട്ടുഴലുന്നവർക്ക് ദുരിതാശ്വാസം എത്തിക്കാൻ പോലുമാകാതെ വലയുകയാണ് ശ്രീലങ്കാ സർക്കാർ.

ഭൂകമ്പത്തിൻെറ പ്രഭവകേന്ദ്രം ഉൾക്കൊള്ളുന്ന ഇൻഡൊനീഷ്യയിൽ 5,000 പേർ മരിച്ചു. ഇവിടെ തിങ്കളാഴ്ച 65 തുടർചലനങ്ങൾ കൂടി രേഖപ്പെടുത്തി. സുമാത്രയിൽ ഞായറാഴ്ച രാവിലെയുണ്ടായ കടൽഭൂകമ്പത്തിൻെറ ആഘാതശേഷി റിക്ടർ സ്കെയിലിൽ 9.0 രേഖപ്പെടുത്തിയതായി സ്ഥിരീകരിച്ചു. ലോകം കണ്ട ഏറ്റവും വലിയ നാലാമത്തെ ഭൂകമ്പമാണിത്.

തെക്കുകിഴക്കനേഷ്യൻ രാജ്യങ്ങളുടെ തീരപ്രദേശത്തെയാകെ ബാധിച്ച കടലാക്രമണത്തിൽ തായ്ലൻഡിൽ 900 പേരും മലേഷ്യയിൽ 51പേരും മ്യാൻമറിൽ 36 പേരും ബംഗ്ലാദേശിൽ രണ്ടുപേരുമാണ് മരിച്ചത്. രാജ്യത്തിൻെറ മൂന്നിൽ രണ്ടുഭാഗവും വെള്ളത്തിനടിയിലായ മാലിദ്വീപിൽ 43 പേർ മരിച്ചു. 63പേരെ കാണാതായി.

ഇന്ത്യയിൽ അന്തമാൻ നിക്കോബാർ ദ്വീപുകളെയും തമിഴ്നാടിൻെറ തീരപ്രദേശത്തെയുമാണ് ദുരന്തം ഏറ്റവുമധികം ബാധിച്ചത്. തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലും കൂടി 3,600 പേർ മരിച്ചു. വേളാങ്കണ്ണിയുൾപ്പെടുന്ന നാഗപട്ടണത്തു മാത്രം 2000 മരണം സ്ഥിരീകരിച്ചു. വേളാങ്കണ്ണിയിൽ മരിച്ചവരിൽ 50 മലയാളികളുമുണ്ട്. കന്യാകുമാരിയിൽ 625 പേരും കടലൂരിൽ 425 പേരും ചെന്നൈയിൽ 200 പേരും മരിച്ചു. പോണ്ടിച്ചേരിയിൽ 377 മരണം സ്ഥിരീകരിച്ചിട്ടുണ്ട്. മുതിർന്ന ശാസ്ത്രജ്ഞനുൾപ്പെടെ 50 പേർ മരിച്ച കൽപ്പാക്കത്തെ ആണവനിലയങ്ങളും അനുബന്ധസ്ഥാപനങ്ങളും അടച്ചിട്ടു.

അന്തമാൻ നിക്കോബാർ ദ്വീപുകളിൽ 5000ൽ ഏറെപ്പേർ മരിച്ചു. കാർ നിക്കോബാർ, നാൺകൗറി ദ്വീപസമൂഹങ്ങളിലാണ് പടുകൂറ്റൻ തിരമാലകൾ ഏറെ നാശം വരുത്തിയത്. വാർത്താവിനിമയ ഗതാഗത ബന്ധങ്ങൾ അറ്റുപോയ പല ദ്വീപുകളിലും ഇതുവരെ രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാൻ പറ്റിയിട്ടില്ല. ഇവിടെ നിന്നുള്ള വിവരങ്ങൾ ലഭിക്കുന്നതോടെ മരണസംഖ്യ ഇനിയും ഉയരുമെന്നാണ് സൂചന. അന്തമാൻ ദ്വീപിൽ തിങ്കളാഴ്ച രാവിലെ വീണ്ടും ഭൂചലനമുണ്ടായത് ഭീതി പരത്തിയിട്ടുണ്ട്.

ആന്ധ്രാപ്രദേശിൻെറ തീരങ്ങളിൽ കടലാക്രമണത്തിൽപ്പെട്ട് 96പേർ മരിച്ചു. 99പേരെ കാണാതായി. കൃഷ്ണ, പ്രകാശം, നെല്ലൂർ ജില്ലകളിലാണ് കെടുതികൾ ഏറെയുണ്ടായത്. ഒറീസ, പശ്ചിമബംഗാൾ, ഗോവ തുടങ്ങിയ സംസ്ഥാനങ്ങളിലും കടലാക്രമണമുണ്ടായെങ്കിലും നാശനഷ്ടങ്ങൾ കാര്യമായുണ്ടായില്ല.

കടൽക്ഷോഭത്തിൻെറ കെടുതികളനുഭവിക്കുന്ന പ്രദേശങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. ദുരന്തത്തിൽ ഉത്കണ്ഠ പ്രകടിപ്പിച്ച അന്താരാഷ്ട്ര സമൂഹം രക്ഷാപ്രവർത്തനങ്ങൾക്കു സഹായം വാഗ്ദാനം ചെയ്തിട്ടുണ്ട്.

കേരളത്തിൽ മരിച്ചവർ 163; കൊല്ലത്തുമാത്രം 128

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കടൽത്തിരകളുടെ സംഹാരതാണ്ഡവത്തിൽ സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണം 163 ആയി. തിങ്കളാഴ്ച പുലർച്ചെയും പലേടത്തും കടൽക്ഷോഭമുണ്ടായി.

കൊല്ലം ജില്ലയിലെ ആലപ്പാട് നിന്ന് 31ഉം ആലപ്പുഴ ജില്ലയിലെ തറയിൽക്കടവിൽനിന്ന് എട്ടും മൃതദേഹങ്ങൾകൂടി തിങ്കളാഴ്ച കണ്ടെടുത്തു. ഇതോടെ മരിച്ചവരുടെ എണ്ണം കൊല്ലം ജില്ലയിൽ 128ഉം ആലപ്പുഴയിൽ 30ഉം ആയി. തിങ്കളാഴ്ച രാത്രിയും തെരച്ചിൽ തുടരുന്നതിനാൽ മരണസംഖ്യ ഇനിയും കൂടാനാണ് സാധ്യത. മണ്ണുമാന്തിയും യന്ത്രങ്ങളും ഉപയോഗിച്ച് തെരച്ചിൽ നടക്കുന്നു.

കാസർകോട്ട് തിരമാലയിൽപ്പെട്ട് ഒരാളെ കാണാതായി. കൊല്ലത്തുമാത്രം വിവിധ ആശുപത്രികളിൽ 755 പേർ ചികിത്സയിലാണ്. ആലപ്പുഴയിൽ എഴുപതോളം പേർക്ക് പരിക്കുണ്ട്.

ആറാട്ടുപുഴ വലിയ അഴീക്കലിൽ രക്ഷാപ്രവർത്തനത്തിനിടെ അമ്പലപ്പുഴ കാക്കാഴം വെളിപ്പറമ്പിൽ ഗോപി (50) ഹൃദയാഘാതത്താൽ മരിച്ചു.

മലപ്പുറം പാലപ്പെട്ടി കാപ്പിനിക്കാട് കടപ്പുറത്ത് മീനുണക്കുകയായിരുന്ന 23 സ്ത്രീകൾ ഞായറാഴ്ച രാത്രി തിരയിൽപ്പെട്ടു. ഇതിൽ കരിങ്കല്ലിൽ തലയിടിച്ച് മൂന്നുപേർക്ക് പരിക്കേറ്റു.

കടൽക്ഷോഭത്തിൽ 310 വീടുകൾ പൂർണമായും 755 എണ്ണം ഭാഗികമായും തകർന്നതായാണ് റവന്യൂ വകുപ്പിൻെറ കണക്ക്. ആലപ്പുഴയിലാണ് ഏറ്റവും കൂടുതൽ വീടുകൾ തകർന്നത് –1025 എണ്ണം. ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി പൊഴി അഴിയായി രൂപപ്പെട്ടതോടെ കുട്ടനാട്ടിലെ ആയിരക്കണക്കിന് ഏക്കർ നെൽകൃഷി നാശത്തിൻെറ ഭീഷണിയിലാണ്. എറണാകുളത്ത് ചെല്ലാനം, വൈപ്പിൻ ഭാഗങ്ങളിൽ ഞായറാഴ്ച രാത്രി ഒരുമണിക്കും തിരകൾ അടിച്ചുകയറി. ധാരാളം വീടുകൾ നശിച്ചു. കണ്ണൂരിൽ ആയിക്കരയിൽ കടൽകയറി മത്സ്യബന്ധന തുറമുഖം മുങ്ങി. തലശ്ശേരി വീനസ് ജംഗ്ഷനു സമീപത്തെ ഫ്ലോട്ടിങ് റസ്റ്റോറൻറ് ഒഴുക്കിൽപ്പെട്ട് കൊടുവള്ളി പാലത്തിലിടിച്ചു. ഇതോടെ തീവണ്ടിഗതാഗതം ഏറെനേരം മുടങ്ങി. തിരുവനന്തപുരം–കണ്ണൂർ എക്സ്പ്രസ്, മംഗലാപുരം–തൃശ്ശിനാപ്പള്ളി ലിങ് എക്സ്പ്രസ്എന്നിവ നാല്പതു മിനിട്ട് വൈകി. ധർമ്മടം പാലത്തിൽ വെള്ളം കയറി റോഡ്ഗതാഗതം തടസപ്പെട്ടു. കോഴിക്കോട് പുതിയാപ്പയിലും കടലുണ്ടിയിലും തിങ്കളാഴ്ച ഒന്നരമീറ്ററോളം തിരകൾ ഉയർന്നുപൊങ്ങി. ആറ് ബോട്ടുകൾ തകർന്നു.

വീണ്ടും ഭീഷണി: ജനം കൂട്ട പലായനത്തിൽ

തിരുവനന്തപുരം: സുനാമി വീണ്ടും ആഞ്ഞടിക്കുമെന്ന ഭീതിയിൽ തിങ്കളാഴ്ച അർദ്ധരാത്രിയിൽ കേരള തീരത്തുനിന്ന് ജനങ്ങൾ കൂട്ടത്തോടെ കയ്യിൽകിട്ടിയ വസ്തുക്കളുമായി വീടൊഴിഞ്ഞുപോകുന്ന കാഴ്ചയായിരുന്നു എങ്ങും. തീരദേശറോഡുകൾ വീടുവിട്ടോടിയവരെക്കൊണ്ട് നിറഞ്ഞിരുന്നു. പള്ളികളിലും സ്കൂളുകളിലും ജനം അഭയംതേടി.

തിങ്കളാഴ്ച രാത്രി 11 മണിയോടെയാണ് വീണ്ടും കേരളത്തിൽ കടൽക്ഷോഭത്തിൻെറ ഭീതി നിറഞ്ഞത്. ഒരുമണിക്കൂറിനുള്ളിൽ സുനാമി ആഞ്ഞടിക്കാൻ സാധ്യതയെന്ന മുന്നറിയിപ്പുമായി ചില ചാനലുകളിൽ ഫ്ലാഷ് ന്യൂസ് പ്രത്യക്ഷപ്പെട്ടതോടെ ജനം വീടുവിട്ടോടാൻ തുടങ്ങി.

തിരുവനന്തപുരത്ത് വള്ളക്കടവ്, ബീമാപ്പള്ളി, പൂന്തുറ, തിരുവല്ലം, വിഴിഞ്ഞം, കൊല്ലത്ത് തിരുമുല്ലവാരം, മരുത്തടി, പരവൂർ, എറണാകുളത്ത് ചെല്ലാനം, വൈപ്പിൻ, പറവൂർ, മാല്യങ്കര, മുനമ്പം, എടവനക്കാട്, കോഴിക്കോട് നഗരം മുതൽ പുതിയാപ്പ വരെ ബീച്ച് റോഡ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ കൂട്ടത്തോടെ വീടുവിട്ടു. കൊല്ലത്ത് നഗരത്തിലേക്കായിരുന്നു പലായനം. എറണാകുളത്ത് വീടുവിട്ടോടിയവരെക്കൊണ്ട് വൈപ്പിൻപാലം നിറഞ്ഞു. പറവൂർ കവല ജനസാഗരമായി. ചെല്ലാനം ഭാഗത്തുള്ളവർ ആലപ്പുഴയുടെ ഉൾഭാഗങ്ങളിലേക്കാണ് രക്ഷപ്പെടാനോടിയത്.

സെസ് ഡയറക്ടർ നൽകിയ മുന്നറിയിപ്പനുസരിച്ചാണ് ചാനലുകൾ വാർത്ത നൽകിയതെന്നും പരിഭ്രാന്തരാകേണ്ട കാര്യമില്ലെന്നും കൺട്രോൾ റൂമിൽനിന്ന് അറിയിച്ചു. മുന്നറിയിപ്പ് എടുക്കണമെന്നു മാത്രമാണ് സെസ് ഡയറക്ടർ നിർദ്ദേശിച്ചിരുന്നത്. സുനാമി വീണ്ടും പ്രത്യക്ഷപ്പെടുമെന്ന ശാസ്ത്രീയ മുന്നറിയിപ്പൊന്നും ലഭിച്ചിട്ടില്ലെന്നും കൺട്രോൾ റൂം വ്യക്തമാക്കി.

ഇതിനിടെ, വൈപ്പിൻ, പുതുവൈപ്പ്, എടവനക്കാട്, മുനമ്പം ഭാഗങ്ങളിൽ കടൽ വീണ്ടും കയറിയത് സ്ഥിതി വഷളാക്കി. പരവൂരിൽ കടൽ ഉൾവലിഞ്ഞെന്ന വാർത്ത ആൾക്കാരെ കൂടുതൽ പരിഭ്രാന്തരാക്കി. തിരുവനന്തപുരം നഗരത്തിൽ വീടുകളുപേക്ഷിച്ചവർ സമീപത്തെ സ്കൂളുകളിലും പള്ളിപരിസരങ്ങളിലും അഭയംതേടി.

മുന്നറിയിപ്പു നൽകിയത് തിരുത്തുവാൻ അധികൃതരുടെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടാകാത്തത് വൻ പ്രതിഷേധത്തിനിടയാക്കി. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അവർ കാര്യമായ നടപടി സ്വീകരിച്ചില്ലെന്ന് ആക്ഷേപമുണ്ട്. ഒരു മണിക്കൂർനേരത്തെ കാത്തിരിപ്പിനുശേഷം സുനാമി ഉണ്ടാകില്ലെന്ന് അഭ്യൂഹം ഉണ്ടായിട്ടും, ജനം പിരിഞ്ഞുപോയില്ല. നഗരം ഉറങ്ങാത്ത രാത്രിയായിരുന്നു തിങ്കളാഴ്ച. കവലകളിലും റോഡുവക്കിലും ജനം മുട്ടുകുത്തിനിന്ന് കൂട്ടായി പ്രാർത്ഥിച്ച കാഴ്ചകളേറെയായിരുന്നു.

28 വർഷങ്ങൾ
ഒരേയൊരു
ബ്രാൻഡ്
V GUARD
V-GUARD STABILIZERS
TV & Refrigerator Stabilizer
Stabilizer for A.C
Registered Design No.157476
YEAR WARRANTY
Authorised Distributors / Service Centres • Ernakulam-17, Ph: 2534430 • Muvattupuzha-1, Ph: 2830777 • Kottayam-10, Ph: 2570826 • Pathanamthitta-48, Ph: 2222101 • Alappuzha-13, Ph: 2238968 • Kollam-1, Ph: 2749448 • Thiruvananthapuram-1, Ph: 2474301 • Thrissur-8, Ph: 2338333 • Palakkad-14, Ph: 2527451 • Tirur-1, Ph: 2437177 • Kozhikode-11, Ph: 2766306 • Kannur-6, Ph: 2701211 • Kanhangad, Ph: 2204638 • Mahe-11, Ph: 2332427.
• Available with all leading dealers and MCB, Kochi, Ph: 2368187.
V Guard Service Helpline Call: 0484 2530180

◆ കാകദൃഷ്ടി ◆

എണ്ണിയെണ്ണി
ക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു
സുനാമിയും

സാന്ത്വനവുമായി മാതൃഭൂമി

കൊടുംനാശം വിതച്ച ഞായറാഴ്ചത്തെ കടൽക്ഷോഭം കണ്ണീരിലാഴ്ത്തിയത് പതിനായിരങ്ങളെയാണ്. കരൾ പിളരുന്ന കാഴ്ചകളായിരുന്നു നമ്മുടെ തീരദേശങ്ങളിൽ. ആയിരക്കണക്കിനാളുകൾ മരിച്ചു, നിരവധി പേരെ കാണാതായി. എല്ലാം നഷ്ടപ്പെട്ടവരുടെ നിലവിളികൾ ഒടുങ്ങുന്നില്ല.

ഈ സങ്കടകാലത്ത് ദുരന്തത്തിൻെറ മുറിപ്പാടുകൾ ഉണക്കാൻ കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. ദുരന്തത്തിനിരയായവർക്ക് സഹായമെത്തിക്കുകയെന്ന ധാർമ്മികചുമതല നിർവഹിക്കാൻ 'മാതൃഭൂമി'യും രംഗത്തിറങ്ങുന്നു. അതിൻെറ ഭാഗമായി 'മാതൃഭൂമി' ഒരു പ്രത്യേക സഹായനിധി സ്വരൂപിക്കുകയാണ്. മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുകയും ദുരിതബാധിതർക്ക് ആശ്വാസമെത്തിക്കുകയുമാണ് ഇതിൻെറ മുഖ്യലക്ഷ്യം. നിധിയിലേക്ക് മനുഷ്യസ്നേഹികളായ മുഴുവൻ പേരുടെയും ഉദാരമായ സഹായം അഭ്യർത്ഥിക്കുന്നു.

സംഭാവന പണമായോ, മാതൃഭൂമി പ്രിൻറിങ് ആൻഡ് പബ്ലിഷിങ് കമ്പനി ലിമിറ്റഡിൻെറ പേരിലെടുത്ത ചെക്കായോ ഡ്രാഫ്റ്റായോ മാതൃഭൂമിയുടെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം, തൃശൂർ, കണ്ണൂർ, കോട്ടയം, മലപ്പുറം, കൊല്ലം, പാലക്കാട്, മുംബൈ, ചെന്നൈ, ബാംഗ്ലൂർ, യൂണിറ്റുകളിൽ എത്തിക്കാവുന്നതാണെന്ന് മാനേജിങ് ഡയറക്ടർ അറിയിച്ചു.

ഈ നിധിയിലേക്കു ലഭിക്കുന്ന സംഭാവനകൾ പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസനിധിയിലേക്ക് നൽകും. സംഭാവന നൽകുന്നവരുടെ പേരിൽ രശീതി ലഭ്യമാക്കുന്നതാണ്. സംഭാവന കൾക്ക് ആദായനികുതി നിയമത്തിൻെറ 80–ജി വകുപ്പുപ്രകാരം പൂർണമായും നികുതിയിളവും ലഭിക്കും. 1000 രൂപയും അതിനുമുകളിലും സംഭാവന നൽകുന്നവരുടെ പേരുകൾ 'മാതൃഭൂമി'യിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കേന്ദ്രവും കേരളവും ലക്ഷംരൂപ വീതം നഷ്ടപരിഹാരം നൽകും 5
ദുരന്തം നേരിടാൻ 500 കോടി
ആഘാതം മുൻകരുതലിനു നിർദേശം 12
കൽപ്പാക്കത്ത് ശാസ്ത്രജ്ഞരടക്കം അമ്പതിലേറെപ്പേർ മരിച്ചു 13